"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ശ്രീ റ്റി വി ജോസഫ് ഫയൽ ചെയ്ത ഒ പി(സി) 2113/2012 നമ്പർ കേസിൽ 06.09.2021 ൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി(ബി) വകുപ്പ്

സ.ഉ.(സാധാ) നം.133/2022/F&WLD തീയതി,തിരുവനന്തപുരം, 27-03-2022

പരാമർശം:- 1. ഒ പി (സി) 2113/2012 നമ്പർ കേസിൽ 06.09.2021ൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

2. ശ്രീ റ്റി വി ജോസഫ് സമർപ്പിച്ച 10.09.2021 തീയതിയിലെ അപേക്ഷ.

3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) & പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) 06.12.2021 ലെ കത്ത്.

ഉത്തരവ്

ശ്രീ. റ്റി വി ജോസഫിന്റെ ഉടമസ്ഥതയിലുള്ള KL -03 -F-3976 എന്ന നമ്പർ മഹീന്ദ്ര പിക്ക് അപ്പ് വാനിൽ ആനക്കൊമ്പ് കണ്ടെത്തിയതിനെത്തുടർന്ന് റജിസ്റ്റർ ചെയ്ത OR No.12/2002 കേസിൽ വാഹന ഉടമയായ ശ്രീ റ്റി വി ജോസഫ് ഒഴികെയുള്ളവർക്കു തടവും പിഴയും പുനലൂർ JFCM ഫസ്റ്റ് ക്ലാസ് കോടതി ശിക്ഷ വിധിച്ചു തുടർന്ന് ബഹു. കൊല്ലം ജില്ലാ കോടതിയിൽ ക്രിമിനൽ അപ്പീൽ നമ്പർ 377 /2010 ആയി അപ്പീൽ നൽകുകയും കോടതി പ്രതികളെ നിരപരാധികൾ എന്ന് കണ്ടെത്തി വെറുതെ വിടുകയും ചെയ്തു. കസ്റ്റഡിയിൽ എടുത്ത മേൽപ്പറഞ്ഞ പിക്ക് അപ്പ് വാഹനം പരുത്തിപ്പള്ളി റേഞ്ച് ഫോറെസ്റ്റ് ഓഫിസറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ, വനനിയമം 6 1 എ പ്രകാരം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനായി Authorised Officer ആയ തിരുവനന്തപുരം D F O ഹർജിക്കക്ഷിക്കു നിയമാനുസൃതം നോട്ടീസ് നൽകുകയുണ്ടായി . ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ .പി.34877 / 2002 കേസിൽ 29 -11 -2002 ലെ ഉത്തരവ് പ്രകാരം വാഹനം 2,50,000/- രൂപ ബാങ്ക് ഗ്യാരന്റിയിൽ വാഹന ഉടമയായ ശ്രീ. ജോസഫിന് വിട്ടുകൊടുത്തു. Authorised Officer ആയ ഡി.എഫ്.ഒ, 26 -2 -2003 നലെ ജി3 / 3928 / 2002നമ്പർ ഉത്തരവ് പ്രകാരം വാഹനം കണ്ടുകെട്ടുകയും പ്രസ്തുത നടപടിക്ക് , വനനിയമം 6 1 സി പ്രകാരം സി.സി.എഫ്. (സതേൺ സർക്കിൾ ) കൊല്ലം , സ്ഥിരീകരണം നല്കുകയും ചെയ്തു. വാഹനം കണ്ടുകെട്ടിയതിനെതിരെ ഫയൽ ചെയ്ത സി.എം.ഒ . 83 / 2003 കേസിലെ 22 -03 -2006 ലെ വിധിയിൽ ഡി.എഫ്.ഒ .യുടെ നടപടി കോടതി അംഗീകരിച്ചു. ഇതു പ്രകാരം 12 -10 -2006 ന്ന വാഹനം ഹാജരാക്കുവാൻ ഡി.എഫ്.ഒ . ആവശ്യപ്പെടുകയും വാഹന ഉടമയായ ശ്രീ. ജോസഫ് വാഹനം ഹാജരാക്കാത്തതിനാൽ ബാങ്ക് ഗ്യാരന്റി തുക സർക്കാരിലേക്ക് മുതൽ കൂട്ടുകയുംചെയ്തു.

ഇതിനെതിരെ ശ്രീ. ജോസഫ് ഹൈക്കോടതിയിൽ ഒ .പി.(സി ) നമ്പർ . 2113/ 2012 ആയി കേസ് ഫയൽ ചെയ്തു .

ശ്രീ റ്റി വി ജോസഫ് ഫയൽ ചെയ്ത ഒ പി(സി) 2113/2012 നമ്പർ കേസ് തീർപ്പാക്കിക്കൊണ്ട് പരാമർശം ( 1 ) പ്രകാരം ബഹു ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായത്തിൽ, അപേക്ഷകന് സർക്കാരിൽ അപേക്ഷ സമർപ്പിക്കാമെന്നും, അപേക്ഷകനെ കേട്ടതിനുശേഷം മൂന്ന് മാസത്തിനകം ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്ന് ഉത്തരവാകുകയും ചെയ്തിരുന്നു. ശ്രീ റ്റി വി ജോസഫ് സർക്കാരിന് പരാമർശം(2 ) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ തന്റെ KL-03-F-3976 പിക് അപ് വാനിന്മേലുള്ള കണ്ടുകെട്ടൽ നടപടികൾ ഒഴിവാക്കണമെന്നും പിടിച്ചെടുത്ത വാഹനത്തിനായി ഈടാക്കിയ 2,50,000/- ബാങ്ക് ഗ്യാരന്റി തിരികെ നല്കുവാനും അഭ്യർത്ഥിച്ചിരുന്നു.

ശ്രീ റ്റി വി ജോസഫിനെ 04.01.2022 ന് നേരിൽ കേൾക്കാൻ തീരുമാനിക്കുകയും ടിയാനെ പ്രതിനിധീകരിച്ച് അഡ്വക്കേറ്റ് വി വി ജയകുമാർ ഹാജരാകുകയും ചെയ്തു. ശ്രീ. റ്റി വി ജോസഫ് സർക്കാരിന് സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട കാര്യങ്ങൾ തന്നെയാണ് നേരിൽ കേട്ട സമയത്തും അപേക്ഷകന് വേണ്ടി ആവശ്യപ്പെട്ടത്.

ശ്രീ. റ്റി വി ജോസഫിന്റെ അപേക്ഷയിലെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. വനനിയമം 61 എ പ്രകാരം ഹർജികക്ഷിയുടെ വാഹനം കണ്ടുകെട്ടിയ Authorised Officerടെ നടപടി തിരുവനന്തപുരം ജില്ലാ കോടതി സി.എം.ഒ. 83 /2003 നമ്പർ കേസിൽ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിലും വാഹനം കണ്ടുകെട്ടിയത് വനനിയമപ്രകാരമായതു കൊണ്ടും നാളിതുവരെയുള്ള depreciation കണക്കിലെടുക്കേണ്ടതുള്ളതിനാലും വാഹനം ഹാജരാക്കി അതിന്റെ മൂല്യം പരിശോധിച്ച ശേഷം മാത്രമേ ബാങ്ക് ഗ്യാരന്റി തുക മടക്കി നൽകുന്ന കാര്യം പരിഗണിക്കാനാകു എന്നതിനാലും ശ്രീ. റ്റി വി ജോസഫിന്റെ അപേക്ഷയിലെ ആവശ്യം നിലവിലുള്ള വനനിയമങ്ങളും ചട്ടങ്ങളും പ്രകാരം അംഗീകരിക്കാൻ കഴിയാത്തതിനാൽ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു. തൻപ്രകാരം ബഹു. ഹൈക്കോടതിയുടെ ഒ പി (സി) 2113/2012 ന്മേലുള്ള 06.09.2021 ലെ വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം).
ശ്രീ റ്റി വി ജോസഫ്,കൊച്ചുപറമ്പിൽ,കുമ്പളപൊയ്ക(പി ഒ),പത്തനംതിട്ട
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്(പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺ സർ വേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)& പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

വെബ് ആന്റ് ന്യൂ മീഡിയ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Ravindran C
Date: 30-03-2022 09:05:56
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിന്/ ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ ഓഫീസിന്/വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ. യ്ക്ക് /വനം വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി